**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 141** **22-06-2026-ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ രോഗി പരിചരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. വി. കെ. സനോജ്

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീമതി ഒ. എസ്. അംബിക

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടേയും നഴ്സുമാരുടെയും ഒഴിവുകൾ രോഗി പരിചരണത്തെ ബാധിച്ചതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടേയും നഴ്സുമാരുടെയും ഒഴിവുകൾ രോഗി പരിചരണത്തെ ബാധിച്ചതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യതക്കുറവ് സംബന്ധിച്ച് ജില്ലാതലത്തിലുള്ള പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യത സംബന്ധിച്ച് ജില്ലാതലത്തിൽ പരിശോധനകൾ നടത്തി വരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ സ്റ്റോർ വേരിഫിക്കേഷൻ ടീമുകൾ, കൂടാതെ ആരോഗ്യവകുപ്പിന്റെ മേൽനോട്ട സംവിധാനങ്ങൾ മുഖേന മരുന്നുകളുടെ ലഭ്യത, സ്റ്റോക്ക് നില, വിതരണം എന്നിവ വിലയിരുത്തി ആവശ്യം വേണ്ടുന്ന ഇടപെടലുകൾ നടത്തുന്നുണ്ട്.

**(സി)** ആരോഗ്യവകുപ്പിലെ സമീപകാല സ്ഥലം മാറ്റങ്ങൾ ചികിത്സാ സേവനങ്ങളെ ബാധിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ആരോഗ്യവകുപ്പിലെ സമീപകാല സ്ഥലമാറ്റങ്ങൾ ചികിത്സാ സേവനങ്ങളെ ബാധിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രത്യേക പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി മുതലായ പകർച്ച വ്യാധികൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രത്യേക പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

പകർച്ച വ്യാധികൾ പകരുന്ന സാഹചര്യം മുന്നിൽ കണ്ട് മഴക്കാലം ആരംഭിക്കുന്നതിനു മുന്നേ, ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും ഉൾപ്പെടെയുള്ളവരുടെ യോഗം മന്ത്രിതലത്തിൽ നടത്തുകയും ആവശ്യമായ മുന്നൊരുക്കങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടത്തുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.

സർക്കാർ ആശുപത്രികളുടെയും പരിസരങ്ങളുടെയും വൃത്തി, മാലിന്യ നിർമ്മാർജനം എന്നിവ കൃത്യമായി നടത്തുന്നതിനായി "തുടക്കം" എന്ന പദ്ധതി സംസ്ഥാനതലത്തിൽ ആരംഭിച്ചു. ആശുപത്രി സൂപ്രണ്ടുമാർ, പ്രിൻസിപ്പൽമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ (DMO) എന്നിവർക്കാണ് പദ്ധതിയുടെ ഏകോപനവും മേൽനോട്ടവും ചുമതലപ്പെടുത്തിയിരിക്കുന്നത്. ആരോഗ്യ വകുപ്പിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്കൂളുകളും ശുചിത്വ യജ്ഞത്തിൽ പങ്കെടുക്കുന്നുണ്ട്.

മഴക്കാല രോഗങ്ങൾ തടയുന്നതിനും രോഗങ്ങൾ പെട്ടെന്ന് കണ്ടെത്തുന്നതിനും കണ്ടെത്തുന്ന രോഗങ്ങൾ എത്രയും പെട്ടെന്ന് ചികിത്സിക്കുന്നതിനും രോഗങ്ങളുടെ സർവയലൻസ് ശക്തിപ്പെടുത്തുന്നതിനും വേണ്ടിയുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

- ആശുപത്രികളിൽ എത്തുന്ന സാംക്രമിക രോഗമുള്ളവരുടെ വിവരങ്ങൾ കൃത്യസമയത്ത് Regional PEID cell വഴി ശേഖരിച്ച് റിപ്പോർട്ട് ചെയ്യുകയും സംസ്ഥാന തലത്തിൽ state PEID cell ൽ വിവരം കൈമാറുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് തലത്തിൽ തുടർ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി IDSP യ്ക്ക് എല്ലാ ദിവസവും റിപ്പോർട്ട് നൽകി വരുന്നു. സർവയലൻസിന്റെ ഭാഗമായി രോഗവിവരങ്ങൾ കൃത്യമായി IHIP പോർട്ടലിൽ ചേർക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.
- H1N1 പോലുള്ള ശ്വാസകോശത്തെ ബാധിക്കുന്ന അസുഖങ്ങൾ ആശുപത്രികളിൽ പടരുന്നത് ഒഴിവാക്കാൻ മാസ്കിന്റെ ഉപയോഗം ഉറപ്പുവരുത്തുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.
- പനി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- ആരോഗ്യ സ്ഥാപനങ്ങളിലെ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പിക്കുന്നതിനായുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.
- രോഗനിർണ്ണയത്തിനായുള്ള ടെസ്റ്റിംഗ് കിറ്റുകളുടെയും ചികിത്സയ്ക്കുള്ള മരുന്നുകളുടെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.
- പനി മരണങ്ങളുടെ ഡെത്ത് ഓഡിറ്റ് പെട്ടെന്ന് പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ആശുപത്രികളിൽ ഡെങ്കിപനി ചികിത്സയ്ക്ക് പനി വാർഡുകളും കൊതുക് വലകളും നൽകിയിട്ടുണ്ട്.
- പകർച്ചാവ്യാധികൾ സംബന്ധിച്ച് മാധ്യമങ്ങൾ വഴി ബോധവത്കരണം നടത്തുന്നു.
- കൃഷി, കന്നുകാലി വളർത്തൽ, തൊഴിലുറപ്പ് ജീവനക്കാർ, നിർമ്മാണ തൊഴിലാളികൾ, അതിഥി തൊഴിലാളികൾ എന്നിവ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- എലിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി മലിനജലവുമായി സമ്പർക്കമുള്ളവർക്കും തൊഴിൽപരമായി ഈ രോഗസാധ്യതയുള്ളവർക്കും ആഴ്ചയിൽ ഒരിക്കൽ നടപടിക്രമങ്ങൾ പാലിച്ചു വരുന്നു.
- മുൻ വർഷങ്ങളിലെ ഡെങ്കിപ്പനി രോഗബാധിതരുടെയും മരണങ്ങളുടെയും സ്ഥിതി വിവരകണക്കുകൾ വിശകലനം ചെയ്ത് തദ്ദേശ സ്വയംഭരണാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

- മുൻപ് ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട് തുടർച്ചയായ ഉറവിട നശീകരണം - വീട്ടിനകത്തും പുറത്തും - dry day ആചരണം വെള്ളിയാഴ്ച്ച വിദ്യാലയങ്ങളിൽ, ശനിയാഴ്ച്ച ഓഫീസുകളിൽ, ഞായറാഴ്ച്ച വീടുകളിൽ നടത്തിവരുന്നു.
- ഔട്ട്ബ്രേക്കുകൾ ഉണ്ടാകുമ്പോൾ ചുരുങ്ങിയത് 6 ആഴ്ചകാലത്തേക്ക് പ്രദേശത്ത് രോഗ നിരീക്ഷണവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളും ശക്തമാക്കാറുണ്ട്.
- കൊതുക് സാന്ദ്രതാ പഠനത്തിനും നിയന്ത്രണത്തിനും, ഇൻസക്ട് കളക്ടർമാർ, ഫീൽഡ് ജീവനക്കാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകി വരുന്നു.
- കൊതുക്ജന്യ രോഗ നിയന്ത്രണത്തിനായി ആവശ്യമായ കീടനാശിനികളുടെയും അത് പോലെ തന്നെ മെഷീനുകളുടെയും ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.
- ഡെങ്കി ലാബ് പരിശോധനക്കുള്ള ടെസ്റ്റ് കിറ്റുകൾ ജില്ലാ ലാബുകളിലും സർവൈലൻസ് ലാബുകളിലും ലഭ്യമാക്കിയിട്ടുണ്ട്.
- സംസ്ഥാന സർക്കാർ മാർഗ്ഗ രേഖകൾക്കനുസരിച്ച് ചികിത്സ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന തലത്തിൽ പരിശീലനം നൽകി വരുന്നു.
- പൊതുജനാരോഗ്യ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ ജീവനക്കാർക്ക് പരിശീലനം നൽകുന്നു.

**സെക്ഷൻ ഓഫീസർ**